(ബി) കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് സംഭാവന നല്കിയവർ ആരെങ്കിലും വരുമാനം നല്കിയിട്ടുണ്ടോ ;

(സി) എങ്കിൽ മറ്റുള്ളവരുടെ പേരുകൾ, മൊബൈൽ നമ്പർ, തിയതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ വിദേശ ബാങ്കിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനയായി രജിസ്ട്രേഷൻ ഈ കാരുണ്യ ബനവലന്റ് ഫണ്ട് അക്കൗണ്ടിൽ പേർത്തിട്ടുണ്ട്.

(ബി & സി) കാരുണ്യ ബനവലന്റ് ഫണ്ടിലേയ്ക്ക് സംഭാവന നൽകിയവർ ആരൊക്കെ സംഭാവന നൽകിയിട്ടുണ്ട്.

കാരുണ്യ ബനവലന്റ് സ്കീം ആനുകൂല്യങ്ങൾ

179 (T 3333) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന രോഗത്തിന് ധനസഹായവും നിയമവും ഭവനനിർമ്മാണവും വിതരണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ:

കാരുണ്യ ബനവലന്റ് സ്കീമിൽ മാരകരോഗത്തെ ആശുപത്രികളെക്കുടി ഉൾപ്പെടുത്തുമെന്ന് 2015 ഏപ്രിൽ 14-ന് കാസർഗോഡ് നടന്ന സർക്കാർ പരിപാടിയിൽ വച്ച് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് വിശദാംശം ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിലതിന്റെ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

കാരുണ്യ ബനവലന്റ് സ്കീം

180 (3334) ശ്രീ. പി. ഉബൈദ് : താഴെ കാണുന്ന രോഗത്തിന് ധനസഹായവും നിയമവും ഭവനനിർമ്മാണവും വിതരണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ:

പാരമ്പര്യ സിക്കിൾസെൽ വിളർച്ചയെയും കാരുണ്യ ബനവലന്റ് സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

പാരമ്പര്യ സിക്കിൾസെൽ വിളർച്ച ബാധിതരായ രോഗികളുടെ ചികിത്സാ ആശുപത്രികളിലെ കാരുണ്യ ബനവലന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് പ്രകാരം അനുമതി

* T നക്ഷത്ര ചിഹ്നമിട്ടത്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ള സഹകരണ ആശുപത്രികളിലും സഹകരണ ഡയഗ്നോസ്റ്റിക് സെന്ററുകളിലും വികിത്സാ സൗകര്യം ലഭ്യമാണ്. പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സഹകരണ ആശുപത്രികളുടെയും സഹകരണ ഡയഗ്നോസ്റ്റിക് സെന്ററുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്യുന്ന വിമുക്തഭടന്മാർ

181 (3335) ശ്രീ. പി. പി. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ നിലവിൽ ജോലി ചെയ്യുന്ന വിമുക്ത ഭടന്മാരുടെ പേരും തസ്തികയും ഇപ്പോഴത്തെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) 31-12-2014-ന് കെ.എസ്.എഫ്.ഇ.യിൽ ജോലി ചെയ്തിരുന്ന എല്ലാ വിമുക്തഭടൻമാരുടെയും പേരും തസ്തികയും ഇപ്പോഴത്തെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) 2013-14, 2014-15 വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ഇപ്പോഴത്തെ പേരും അഡ്രസ്സും ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(സി) 2013-14, 2014-15 വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ഇപ്പോഴത്തെ പേരും അഡ്രസ്സും അനുബന്ധം-III ആയി ചേർത്തിട്ടുണ്ട്.*

മുദ്രപ്പത്രത്തിന്റെ ഉയർന്ന വില താഴ്ത്താൻ നടപടി

182 (3336) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വിവിധ കരാറുകൾക്കും ഉടമ്പടികൾക്കും ഉപയോഗിക്കുന്ന മുദ്രപത്രം 100 രൂപയിൽ നിന്നും 500 രൂപയായി ഈ സാമ്പത്തിക വർഷം ഉയർത്തിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) വാടകച്ചീട്ട് ഉൾപ്പെടെ ചെറുതും വലുതുമായ കരാറുകൾക്ക് വിലകൂടിയ മുദ്രപത്രം ഉപയോഗിക്കേണ്ടിവരുന്നത് സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 100 രൂപ വിലയുള്ള മുദ്രപത്രം പുനഃസ്ഥാപിച്ചുകൊണ്ട് കരാറുകൾക്ക് വിർപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly